# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4385 | 19-10-2011 ൽ മറുപടിയ്ക്ക്

## കരിനില കൃഷി

| ചോദ്യം<br>ശ്രീ.ജി.സുധാകരൻ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) പുറക്കാട്, തകഴി കരിനില മേഖലകളിൽ എന്തെല്ലാം വികസന ഉല്പാദന പദ്ധതികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്; | (എ) അമ്പലപ്പുഴ, പുറക്കാട്, തകഴി, കരുവാറ്റ എന്നീ പഞ്ചായത്തുകളിലെ 43 പാടശേഖര ങ്ങളിൽ സബ്സിഡി നിരക്കിൽ കുമ്മായം, നെൽവിത്ത്, യന്ത്രവൽ ക്കരണം, വിള ഇൻഷ്വറൻസ്, സഞ്ചരി ക്കുന്ന അഗ്രോക്ലിനിക്കുകൾ, കാർഷിക നീർവാർച്ചാ പദ്ധതി, വാച്ചാൽ നവീകരണം, കൽക്കെട്ടു നിർമ്മാണം, റിംഗ്ബണ്ട് നിർമ്മാണം. എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) കരിനില കൃഷി ഏജൻസികളുടെ പ്രവർത്തനം എങ്ങനെ മുന്നോട്ട് നയിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (ബി) മറ്റു മേഖലയിലെ നെൽകൃഷിയെ അപേക്ഷിച്ച് കരിനിലകൃഷിയ്ക്ക് ഉല്പാദനചെലവ് കൂടുതലും വിളവ് കുറവുമാണ് ലഭിക്കുന്നത്. ഏജൻസി യുടെ പ്രവർത്തനം കുറച്ചുകൂടി ഊർജ്ജിതപ്പെടുത്തി നെൽകൃഷി മേഖലയിലുള്ള വിവിധ പദ്ധതികളുടെ ഏകോപനം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഈ സാമ്പത്തിക വർഷം 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) കരിനില കൃഷിക്കാർക്ക് എന്തെല്ലാം ആനുകൂല്യ ങ്ങളാണ് നൽകി വരുന്നത്; പുതിയ ആനുകൂല്യങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു ണ്ടോ എന്നറിയിക്കുമോ? | (സി) സബ്സിഡി നിരക്കിൽ കുമ്മായം, നെൽവിത്ത് വിതരണം, റിംഗ്ബണ്ട് നിർമ്മാണം, പുറംബണ്ട് നിർമ്മാണം വിള ഇൻഷ്വറൻസ് എന്നിവ നൽകി വരുന്നു. ഇതിനു പുറമേ കാർഷിക യന്ത്രവൽക്കരണം, നീർവാർച്ചാ പദ്ധതി, സഞ്ചരിക്കുന്ന അഗ്രോക്ലിനിക്ക് എന്നിവ കൂടി ഈ വർഷം നടപ്പി ലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ